(ബി) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പ്പാദനം, മാർക്കറ്റിംഗ് എന്നിവ ശക്തിപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ (കശുവണ്ടിമേഖല ഉൾപ്പെടെ) പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ 563.68 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ 150 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. മാർക്കറ്റിംഗ് ശക്തിപ്പെടുത്തുന്നതിനായി അന്യ സംസ്ഥാനങ്ങളിൽനിന്നുള്ള ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്ര പൊതുമേഖലയുമായി സഹകരിച്ച് പ്രവർത്തിച്ച് ഉത്പ്പാദനം, മാർക്കറ്റിംഗ് എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരവും മികവിന്റെ കേന്ദ്രവും ആക്കുന്നതിന് നടപടി

303 (643) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോൺ ഉൾപ്പെടെയുള്ള കേരളത്തിലെ പൊതുമേഖല സംരംഭങ്ങളെ ലാഭകരവും മികവിന്റെ കേന്ദ്രങ്ങളും ആക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ആധുനിക സമൂഹത്തിന്റെ ആവശ്യകതകൾ മനസ്സിലാക്കി കൂടുതൽ ഉത്പാദന സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

(എ) കെൽട്രോൺ ഉൾപ്പെടെയുള്ള കേരളത്തിലെ പൊതുമേഖല സംരംഭങ്ങളെ ലാഭകരവും മികവിന്റെ കേന്ദ്രങ്ങളും ആക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ആധുനിക സമൂഹത്തിന്റെ ആവശ്യകതകൾകൂടി മനസ്സിലാക്കിക്കൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണവും നടപ്പിലാക്കിവരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly